# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4225 | 28.06.2012 - ൽ മറുപടിക്ക്

## അന്ധവിദ്യാലയങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ശശി | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര അന്ധ വിദ്യാലയങ്ങൾ ഉണ്ട്; എവിടെ യൊക്കെ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 4-ഉം എയ്ഡഡ് മേഖലയിൽ 7-ഉം അന്ധവിദ്യാലയങ്ങൾ നിലവിലുണ്ട്. സർക്കാർ മേഖലയിലുള്ളവ തിരുവനന്തപുരം, കോട്ടയം, കുന്നംകുളം, കാസർഗോഡ് എന്നീ സ്ഥലങ്ങളിലും എയ്ഡഡ് മേഖലയിലുള്ളവ വർക്കല, കാഞ്ഞിരപ്പള്ളി, ഇടുക്കി, ആലുവ, പാലക്കാട്, മങ്കട, മുട്ടിൽ എന്നീ സ്ഥലങ്ങളിലും പ്രവർത്തിക്കുന്നു. |
| (ബി) | ഈ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കു വേണ്ട യോഗ്യതകൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | എ) **അസിസ്റ്റന്റ് ടീച്ചർ 285-540 (പ്രീ-റിവിഷൻ)**<br>1. എസ്.എസ്.എൽ.സി. യോ തത്തുല്യ യോഗ്യയോ പാസ്സായിരിക്കണം<br>2. റ്റി.റ്റി.സി.<br>3. ലോവർ സർട്ടിഫിക്കറ്റ്/ജൂനിയർ ഡിപ്ലോമ ഇൻ ടീച്ചിംഗ് ബ്ലൈൻഡ്/ഡഫ്<br>**ബി) അസിസ്റ്റന്റ് ടീച്ചർ 285-540 (പ്രീ-റിവിഷൻ)** (വികലാംഗർക്കുള്ള സ്കൂളുകളിലെ അസിസ്റ്റന്റ് ടീച്ചർ വേക്കൻസിയിൽ അന്ധർക്കായി നീക്കി വച്ചിട്ടുള്ള 25% തസ്തികയിലേക്കുള്ള നിയമനത്തിന്)<br>1. എസ്.എസ്.എൽ.സി. യോ തത്തുല്യ യോഗ്യയോ പാസ്സായിരിക്കണം |

2. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന രണ്ടു വർഷത്തെ അറ്റാച്ച്മെന്റ് കോഴ്സ് ഫോർ ദ ബ്ലൈൻഡ്/ ഇൻഡ്യയിൽ അംഗീകാരമുള്ള സ്ഥാപനങ്ങൾ നടത്തുന്ന അന്ധരെ പഠിപ്പിക്കുന്നതിനുള്ള ലോവർ സർട്ടിഫിക്കറ്റ്

<u>സി) അസിസ്റ്റന്റ് ടീച്ചർ 235-395 + സ്പെഷ്യൽ പേ 15/- രൂപ (പ്രീ-റിവൈസ്ഡ്)</u>

1. എസ്.എസ്.എൽ.സി. യോ തത്തുല്യ യോഗ്യയോ പാസ്സായിരിക്കണം
2. റ്റി.റ്റി.സി.

| | | | |
|---|---|---|---|
| (സി) | ഇവരുടെ നിയമനരീതി ഏതു രീതിയിലാണ്; വിശദമാക്കാമോ; | (സി) | സർക്കാർ സ്കൂളുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും എയ്ഡഡ് സ്കൂളുകളിൽ ബന്ധപ്പെട്ട മാനേജർമാരും നിയമനം നടത്തുന്നു. |
| (ഡി) | പ്രസ്തുത വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സ്ഥലംമാറ്റം എങ്ങനെയാണ്; അതിനുള്ള മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ? | (ഡി) | സർക്കാർ അന്ധ/ബധിര വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പ്രത്യേകമായി ഉത്തരവ് നിലവിലില്ല. സംസ്ഥാനത്ത് 4 അന്ധ വിദ്യാലയങ്ങളും 3 ബധിര വിദ്യാലയങ്ങളും മാത്രമേ നിലവിലുള്ളൂ. നിയമനങ്ങൾ സംസ്ഥാനതലത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തി വരുന്നു. സ്ഥലംമാറ്റം സംബന്ധിച്ച് അപേക്ഷകൾ സീനിയോറിറ്റി അടിസ്ഥാനത്തിൽ പരിഗണിച്ച് ഒഴിവിന്റെ ലഭ്യത അനുസരിച്ച് സ്ഥലംമാറ്റം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.